## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 274 09/05/2017-ൽ മറുപടിയ്ക്ക്

### ലൈഫ് മിഷൻ.

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ<br>,, കെ. ദാസൻ<br>,, പി.കെ. ശശി<br>,, എം. മുകേഷ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് മിഷന്റെ ഭാഗമായി ഈ വർഷം ഒരു ലക്ഷം ഭവനരഹിതർക്ക് വീടുനൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | 2022-ൽ എല്ലാവർക്കും ഭവനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായാണ് ലൈഫ് മിഷൻ രൂപീകരിച്ചിട്ടുള്ളത്. ഭവനം നൽകുന്നതോടൊപ്പം ജീവനോപാധി എന്ന ഉദ്ദേശംകൂടി ഇതിൽപ്പെടുന്നുണ്ട്. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി ഫെബ്രുവരി 18-19 തിയതികളിൽ സംസ്ഥാനത്ത് കുടുംബശ്രീ മുഖാന്തിരം സർവ്വെ പൂർത്തീകരിക്കുകയും പ്രസ്തുത സർവ്വെയുടെ വെരിഫിക്കേഷൻ നടപടികൾ തുടർന്നു വരുന്നതുമാണ്. ലൈഫ് മിഷൻ 3 തരം ആനുകൂല്യങ്ങളുടെ ഘടനയാണ് വിഭാവനം ചെയ്തിരിക്കുന്നത്.<br>1. ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഭവന നിർമ്മാണത്തിന് ആനുകൂല്യം.<br>2. ഭൂരഹിതരായുള്ള ഗുണഭോക്താക്കൾക്ക് ഭവന സമുച്ചയത്തിലൂടെ പുനരധിവാസം.<br>3. വിവിധ പദ്ധതികളിലൂടെ സർക്കാർ ധനസഹായം ലഭ്യമായെങ്കിലും ഭവനം പൂർത്തീകരിക്കാൻ സാധിക്കാത്തവർക്ക് പൂർത്തീകരണത്തിന് സഹായം.<br>വെരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കി ആയത് ഡാറ്റാ എൻട്രി നടത്തുകയും ചെയ്യുമ്പോൾ ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണം ലഭ്യമാകുന്നതാണ്. ഇത്തരത്തിലുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടുകയും പൊതുജനങ്ങളുടെ അറിവിലേയ്ക്കായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതുമാണ്.<br>ഭൂരഹിത ഭവന രഹിതർക്കായി ആദ്യ ഘട്ടത്തിൽ 14 ജില്ലകളിൽ ഓരോ ഭവന സമുച്ചയങ്ങളുടെയും നിർമ്മാണത്തിന്റെ ആരംഭം ഈ മാസം അവസാനത്തോടെ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താനുള്ള വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ നിശ്ചയിക്കുന്ന പ്രക്രിയ ഏതു ഘട്ടത്തിലാണ്; | (ബി) | പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്തക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് സർവ്വേ നടത്തി. സർവ്വേയുടെ വെരിഫിക്കേഷൻ നടന്നുവരികയാണ്. വെരിഫിക്കേഷൻ പൂർത്തീകരിച്ച ശേഷം കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും പഞ്ചായത്ത് തലത്തിലും ജില്ലാതലത്തിലും അപ്പീലുകൾ കേട്ടശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് അന്തിമമാക്കുന്നതുമാണ്. |
| (സി) | ഈ പദ്ധതിക്കുവേണ്ട വിഭവ സമാഹരണത്തിനായുള്ള മാർഗ്ഗങ്ങൾ അറിയിക്കാമോ? | (സി) | പദ്ധതിയ്ക്ക് ആവശ്യമായ തുക സംസ്ഥാന സർക്കാർ ഒന്നിച്ച് വായ്പയെടുത്ത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ നിലവിലുള്ള വിവിധ വകുപ്പുകളുടെ ഭവന പദ്ധതി, കേന്ദ്രാവിഷ്കൃത ഭവന പദ്ധതികൾ (എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന കേന്ദ്രസർക്കാരിന്റെ ഭവന പദ്ധതികളായ പ്രധാന മന്ത്രി ആവാസ് യോജന (നഗരം), പ്രധാന മന്ത്രി ആവാസ് യോജന (ഗ്രാമം), എന്നിവയുമായി സംയോജിപ്പിച്ചാണ് പദ്ധതിയുടെ ധനസമാഹരണം നടത്തുന്നത്.<br>ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾക്കായി പ്രാദേശികമായ സംഭാവനകളും മറ്റു സി.എസ്.ആർ ഫണ്ടുകളും സ്വീകരിക്കുന്നതിന് കുടുംബശ്രീയെ ചുമതലപ്പെടുത്തുവാനും വിദേശത്ത് നിന്ന് സംഭാവനകൾ സ്വീകരിക്കുന്നതിനു വേണ്ടി ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിൽ നിലവിലുള്ള അക്കൗണ്ട് ഉപയോഗിക്കുന്നതിനും ലൈഫ് മിഷൻ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ജനകീയ പങ്കാളിത്തത്തോടെ പ്രദേശികമായ സാമ്പത്തിക സഹായങ്ങൾ സ്വീകരിച്ച് വീടുകൾ പൂർത്തീകരിക്കുന്നതിന് ഒരു ജനകീയമുന്നേറ്റം ഉണ്ടാവണമെന്നും അതിന് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടപടി സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**